# കടകൾ ജീവനക്കാർക്കും ഉപഭോക്താക്കൾക്കും സുരക്ഷിതമാക്കാൻ

**by Indian Scientists Response to Covid**
https://indscicov.in/

IndiSciCovid

**കോവിഡ് - 19 പകർച്ച തടയുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന ലോക്ക്ഡൌൺ സമയത്തും പലചരക്ക്, മരുന്ന് തുടങ്ങിയ അവശ്യ സാധനങ്ങൾ വിൽക്കുന്ന കടകൾ തുടർന്ന് പ്രവർത്തിക്കാൻ അനുവദിച്ചിട്ടുണ്ട്. ഇവിടങ്ങൾ പലരും വന്നു പോകുന്ന സ്ഥലങ്ങളാകയാൽ രോഗം പടരാനുള്ള സാധ്യതകൾ ഏറെയാണ്. കൈ കഴുകുക, ശാരീരിക അകലം പാലിക്കുക, അധികം സ്പർശിക്കപ്പെടുന്ന സ്ഥലങ്ങൾ കൂടെകൂടെ തുടച്ചു വൃത്തിയാക്കി വയ്ക്കുക തുടങ്ങിയ പൊതു നിർദേശങ്ങൾ പാലിക്കുന്നതിനു പുറമെ, ആവശ്യ സേവനം പ്രദാനം ചെയ്യുന്ന വ്യക്തി എന്ന നിലയിൽ നിങ്ങൾ ചില പ്രത്യേക മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്. ഈ മുൻകരുതലുകൾ പൊതുജനങ്ങൾക്ക് അവശ്യ സാധനങ്ങൾ പ്രദാനം ചെയ്തുകൊണ്ട് തന്നെ നിങ്ങളെയും സഹപ്രവർത്തകരെയും നിങ്ങളുടെ കുടുംബാംഗങ്ങളെയും സുരക്ഷിതരാകുവാൻ സഹായിക്കും.**



**കച്ചവടക്കാർക്ക് ഉള്ള പൊതു നിർദേശങ്ങൾ :**

കോവിഡ് 19 മഹാമാരിയുടെ സമയത്ത് കൂടെകൂടെ കൈ കഴുകുക, കണ്ണ്, മൂക്ക്,വായ എന്നിവിടങ്ങൾ തൊടാതിരിക്കുക, മുതലായ പൊതു നിർദേശങ്ങൾ എല്ലാവർക്കും ബാധകമാണ്. ഈ നിർദേശങ്ങൾ കടയിലെ എല്ലാ ജീവനക്കാരും കൃത്യമായി പാലിക്കേണ്ടതാണ്. ഉപഭോക്താക്കളുമായി ഇടപഴകുമ്പോൾ മാസ്ക് ധരിക്കുന്നതു നല്ലതാണ്. ചിലർ അധിക സുരക്ഷക്കായി ഉപരിവസ്ത്രം, തൊപ്പി, കൈയുറ എന്നിവയും ധരിക്കാറുണ്ട്. റേഷൻ കട പോലെ സാധനങ്ങൾ ചില്ലറയായി തൂക്കി വിൽക്കുന്ന സ്ഥാപനമാണ് നിങ്ങളുടേതെങ്കിൽ, സാധനങ്ങൾനൽകുവാനായി, ആവശ്യാനുസരണം വളച്ചു വച്ചിട്ടുള്ള വലിയ പ്ലാസ്റ്റിക് ട്യൂബ് പോലെയുള്ള ലളിതമായ സംവിധാനങ്ങൾ ഉപയോഗിക്കുന്നത് പരിഗണിക്കാവുന്നതാണ്. ഇത് ഉപഭോക്താക്കളും നിങ്ങളുമായി നിർദിഷ്ട അകലം പാലിക്കുന്നത് ഉറപ്പാക്കാൻ പര്യാപ്തമാണ്.



**നിങ്ങൾക്ക് അസുഖമുണ്ടെങ്കിൽ:**

നിങ്ങൾക്കോ, കടയിലെ മറ്റു ജീവനക്കാർക്കോ പനി, ചുമ തുടങ്ങിയ കോവിഡ് - 19- ന്റെ രോഗലക്ഷണങ്ങൾ കണ്ടാൽ, അവധി എടുത്തു വീട്ടിലിരിക്കേണ്ടതാണ്. കടയുടമ ഈ ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയ അവധി നൽകുന്നത് ഉത്തമമായിരിക്കും. ഇങ്ങനെ, ജോലിക്കാർ വേഗം സുഖം പ്രാപിക്കുന്നുവെന്നും അതിലും പ്രധാനമായി, മറ്റു ജോലിക്കാർക്കും ഉപഭോക്താക്കൾക്കും രോഗം പകരുന്നില്ല എന്നും ഉറപ്പാക്കാനാവും.



**വ്യക്തിപര / ഗാർഹിക ശുചിത്വം :**

വീട്ടിൽ തിരിച്ചെത്തിയാലുടനെ സോപ്പ് ഉപയോഗിച്ച് കുളിക്കുന്നത് വഴി, നിങ്ങളുടെ മേൽ ജോലി സമയത്തു പറ്റിപ്പിടിച്ചേക്കാവുന്ന വൈറസ് മറ്റുള്ള കുടുംബാംഗങ്ങൾക്ക് കൈമാറുന്നത് തടയാനാവും. കുളിക്കുമ്പോൾതന്നെ പറ്റുമെങ്കിൽ ധരിച്ചിരുന്ന വസ്ത്രങ്ങൾ ഡിറ്റർജന്റ് ഉപയോഗിച്ച് അലക്കുക, അല്ലെങ്കിൽ അതിനായി നിയോഗിച്ച ഒരു ബക്കറ്റിൽ ഇട്ടു വയ്ക്കുക.



**ചരക്ക് വാങ്ങുമ്പോഴും ഡെലിവറി എടുക്കുമ്പോഴും:**



എല്ലാവരും പൊതുസ്ഥലങ്ങളിൽ 1 -2 മീറ്റർ സാമൂഹിക അകല നിർദേശങ്ങൾ പാലിക്കാൻ പരിശീലിക്കേണ്ടതാണ് . കച്ചവടക്കാർ ചരക്കെടുക്കുന്ന മൊത്തവിപണികളിൽ ക്യൂ പാലിക്കുവാനുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്. പുറത്തിറങ്ങുമ്പോൾ മാസ്കുപയോഗിക്കാനും തിരിച്ചുവന്നയുടൻ സോപ്പുപയോഗിച്ചു കൈ കഴുകാനും ശ്രദ്ധിക്കണം. പണമിടപാടുകൾ കഴിവതും ഓൺലൈൻ മുഖേന ചെയ്യുവാൻ ശ്രമിക്കുക.



ചരക്കുകൾ കടയിൽ ഡെലിവറി ചെയ്യപ്പെടുന്ന പക്ഷം, അവ കടയ്ക്കു പുറത്തു വച്ച് സ്വീകരിക്കുന്നതാണ് നല്ലത്. പെട്ടികൾ, (പ്രത്യേകിച്ച് അവ തുറക്കുന്ന സ്ഥലമെങ്കിലും) പുറത്തുവച്ചുതന്നെ സോപ്പുവെള്ളത്തിൽ മുക്കിയ തുണി കൊണ്ട് തുടയ്ക്കുക. അതിനുശേഷം അവ സസൂഷ്മം തുറന്ന്, ഉള്ളിലെ സാധനങ്ങൾ കടയ്ക്കകത്തേക്ക് കൊണ്ടു പോകാവുന്നതാണ്.

**ചരക്കു സംഭരണം:**

അരി, പരിപ്പ് പോലുള്ള സാധനങ്ങൾ പൊതി അഴിച്ചു് അടപ്പുള്ള സംഭരണികളിൽ സൂക്ഷിക്കുക. ദിവസവും കട അടയ്ക്കുമ്പോൾ ഇവ സോപ്പ് വെള്ളത്തിൽ മുക്കിയ തുണി കൊണ്ട് തുടയ്ക്കുക. കുപ്പികളിലും പെട്ടികളിലും പായ്ക്ക് ചെയ്ത വന്ന സാധനങ്ങൾ വന്നപടി ഷെൽഫുകളിൽ വയ്ക്കാവുന്നതാണ്. അവ സാധാരണ അടഞ്ഞ പെട്ടികളിൽ വന്നിരിക്കാവുന്നതിനാൽ അടുത്തകാലത്ത് കരസ്പർശം ഏറ്റിട്ടുണ്ടാവുകയില്ല. അതുകൊണ്ടു ഇവയിൽ വൈറസ് ഉണ്ടാകാനുള്ള സാധ്യതയും കുറവായിരിക്കും. അത് പോലെ തന്നെ, സാധാരണ ഗതിയിൽ വേഗം കേടു വരുന്ന പഴങ്ങളും പച്ചക്കറികളും ഷെല്ഫുകളിൽ കുറഞ്ഞ സമയമേ ഇരിക്കുകയുള്ളു എന്നതിനാൽ അവ തുറന്നു തന്നെ വയ്ക്കാവുന്നതാണ് . പച്ചക്കറികൾ, പഴങ്ങൾ( കൂടാതെ പായ്ക്ക് ചെയ്തു വരുന്ന വസ്തുക്കളുടെ പുറം കവറുകൾ) എന്നിവ വാങ്ങി കൊണ്ട് വന്ന ശേഷം വീട്ടിൽ നിർദ്ദിഷ്ട സ്ഥാനങ്ങളിൽ എടുത്തുവയ്ക്കുന്നതിനു മുൻപ് വൃത്തിയായി കഴുകുന്നത് നല്ലതാണ്. വാങ്ങുവാനുദ്ദേശിക്കുന്ന സാധനങ്ങൾ മാത്രം തൊടുന്നത് രോഗത്തിന്റെ പകർച്ച കുറയ്ക്കാൻ സഹായിക്കുമെന്ന് ഉപഭോക്താക്കളെ പൊതുവായി പറഞ്ഞു മനസ്സിലാക്കുക.

**സാധനങ്ങളുടെ വില്പന:**

പുറത്തിറങ്ങുമ്പോൾ എല്ലാവരും തുണി കൊണ്ടുണ്ടാക്കിയ പുനരുപയോഗിക്കാവുന്ന മാസ്കോ ഒന്നിൽ കൂടുതൽ പാളികൾ ഉള്ള മുഖാവരണമോ ഉപയോഗിക്കേണ്ടതാണ്. ഇക്കാര്യം കടയുടമയെന്നനിലയിൽ നിങ്ങൾ ഉപഭോക്താക്കളെ മര്യാദയോടെയും അതേസമയം ദൃഢതയോടെയും ബോധ്യപ്പെടുത്തേണ്ടത് പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. ഞങ്ങളുടെ വെബ്സൈറ്റിൽ നിന്നും മുഖാവരണങ്ങളെയും അവ എന്ത് കൊണ്ടു ധരിക്കണം എന്നതിനെയും കുറിച്ചുള്ള പോസ്റ്ററുകൾ പ്രിന്റുചെയ്ത് കടവാതില്കൽ പ്രദശിപ്പിക്കാവുന്നതുമാണ്.



കടയുടെ വലുപ്പമനുസരിച്ചു നിങ്ങൾക്ക് താഴെ പറയുന്ന രീതികളിലേതെങ്കിലും അനുവർത്തിക്കാവുന്നതാണ്

**ഓപ്ഷൻ 1** (കെട്ടിടങ്ങളിലുള്ള ചെറിയ കടകൾ)

നിങ്ങൾ കട വാതിൽക്കലോ അതിനടുത്തോതന്നെ നിന്ന് കൊണ്ടു ഉപഭോക്താക്കളെ സേവിക്കാം. വേഗത്തിലും കാര്യക്ഷമമായും ഉപഭോക്താക്കളെ സേവിക്കാൻ അവർക്ക് ആവശ്യമുള്ള സാധനങ്ങളുടെ ലിസ്റ്റ് ഉണ്ടാക്കിക്കൊണ്ടു വരുവാൻ പ്രേരിപ്പിക്കുക.

**ഓപ്ഷൻ 2** (കെട്ടിടങ്ങളിലുള്ള വലിയ കടകൾ)

കടയിൽ പ്രവേശിക്കുന്ന എല്ലാവരോടും കൈ കഴുകുവാൻ നിർദേശിക്കുക. ഇതിനായി സാധിക്കുമെങ്കിൽ പ്രവേശനകവാടത്തിന് സമീപം ഒരു വാഷ്ബേസിനും സോപ്പും ഏർപ്പെടുത്തുക. കൈതുടയ്ക്കാൻ ആവശ്യത്തിന് പേപ്പർ നാപ്കിനുകളും അവ നിക്ഷേപിക്കാൻ പ്രത്യേകം ചവറ്റുകൊട്ടയും കരുതുക. കൂടാതെ, ഉപഭോക്താക്കളുടെ ഉപയോഗത്തിനായി പ്രവേശന കവാടത്തിൽ മദ്യാധിഷ്ഠിത സാനിറ്റൈസർ (60 % എങ്കിലും മദ്യം ഉള്ളത്) ലഭ്യമാക്കാവുന്നതാണ്. കടയുടെ വാതിലുകൾ തുറന്ന് വയ്ക്കാൻ സാധിക്കുമെങ്കിൽ, വാതിൽപ്പിടികളിൽ കൈ തൊടാതെ അകത്തു കടക്കുകയും പുറത്തു പോകുകയും ചെയ്യാം. മെച്ചമായ വായുസഞ്ചാരത്തിനായി ജനാലകളും തുറന്നു വയ്ക്കാവുന്നതാണ്. ഒരേ സമയത്തു കടയ്ക്കുള്ളിലുള്ള ഉപഭോക്താക്കളുടെ എണ്ണം നിയന്ത്രിക്കുന്നത് നല്ലതാണ്. നിങ്ങളുടെ കടയുടെ വിസ്തീർണമനുസരിച്ചു്, രണ്ടുപേർ തമ്മിൽ 1- 2 മീറ്റർ അകലം പാലിച്ചു്, എത്രപേരെ അനുവദിക്കാം എന്നത് നിശ്ചയിക്കുക.

**ഓപ്ഷൻ 3** (തുറസ്സായ /മൊത്ത വിപണി)
തുറസ്സായ സ്ഥലത്തും  മൊത്തവിപണികളിലും ചുരുക്കം പ്രതലങ്ങൾ മാത്രമുള്ളതിനാൽ, വൈറസുകൾ തങ്ങി നിന്ന് വ്യാപിക്കുവാനുള്ള സാധ്യത പരിമിതമാണ്. എങ്കിലും, കടകളിലും പരിസരത്തും മറ്റുള്ളവരിൽ നിന്ന് 1 - 2 മീറ്റർ അകലം പാലിക്കേണ്ടതാണ്. കടയും പരിസരവും വൃത്തിയായും മാലിന്യമില്ലാതെയും സൂക്ഷിച്ചു് ശുചിത്വം പാലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ് . ഒരു ദിവസത്തെ എല്ലാ മാലിന്യങ്ങളും ഒരു ചവറ്റുകൊട്ടയിൽ ശേഖരിച്, വൈകുന്നേരം നിർദ്ദിഷ്ട സ്ഥലത്തുകൊണ്ടുപോയി കളയേണ്ടതാണ്.



**ക്യൂപാലിക്കൽ:**
ഉപഭോക്താക്കൾക്ക് ആവശ്യമുള്ള സാധനങ്ങൾ ലഭിക്കാൻ കുറച്ചു സമയമെടുത്തേക്കാം. അവരോട് വേണ്ടുന്ന ശാരീരിക അകലം പാലിച്ചു്, ക്യൂവിൽ നില്ക്കാൻ അഭ്യർത്ഥിക്കുക. ഇതിനു സഹായകമായി കടയ്ക്കു പുറത്തുള്ള നടപ്പാതയിലോ റോഡിലോ 1- 2 മീറ്റർ ദൂരത്തിൽ ചോക്കുകഷ്ണംകൊണ്ട് വൃത്തങ്ങൾ വരച്ചുവയ്ക്കാം. കടയടയ്ക്കുമ്പോൾ എല്ലാ കൗണ്ടറുകളും, കൈപ്പിടികൾ, അടപ്പുകൾ, ക്യാഷ് ബോക്സുകൾ, പൈപ്പുകൾ, ഫ്ലഷ് ബട്ടനുകൾ തുടങ്ങി പതിവായി സ്പർശിക്കപ്പെടുന്ന പ്രതലങ്ങളെല്ലാമും സോപ്പുവെള്ളം കൊണ്ട് തുടയ്ക്കുക. വാഷ് ബേസിനുകളും ശൗചാലയങ്ങളും സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകയും, ഇടയ്ക്കിടെ 1% ബ്ലീച് ലായനി ഉപയോഗിച്ചു അണുവിമുക്തമാക്കുകയും ചെയ്യുക.
പുനരുപയോഗിക്കാവുന്ന തൊപ്പികൾ, മാസ്കുകൾ, ഉപരിവസ്ത്രങ്ങൾ തുടങ്ങിയവ മറ്റു വസ്ത്രങ്ങളിൽനിന്നു വേറിട്ട് ,ഡിറ്റർജന്റ് ഉപയോഗിച്ച് അലക്കുക. ദിവസവും എല്ലാ ജീവനക്കാർക്കും പുതിയ വൃത്തിയുള്ള ഒരു സെറ്റ് മാസ്ക്കും മറ്റും ലഭ്യമാക്കുക. ഒരു പ്രാവശ്യം മാത്രം ഉപയോഗിക്കാവുന്ന കൈയുറകൾ, മാസ്കുകൾ, തൊപ്പികൾ, ഉപരിവസ്ത്രങ്ങൾ മുതലായവ സുരക്ഷിതമായി നിർമ്മാർജനം ചെയ്യണം. ഇവയെ 1% ബ്ലീച് ലായനിയിൽ മുക്കി അണുവിമുക്തമാക്കിയ ശേഷം കത്തിക്കുകയോ മണ്ണിനടിയിൽ കുഴിച്ചിടുകയോ ചെയ്യണം.





**പണമിടപാടുകൾ:**
നിങ്ങൾ ദിനംതോറും സാമാന്യമായ തോതിൽ രൂപാനോട്ടുകളും നാണയങ്ങളും കൈകാര്യം ചെയ്യേണ്ടി വരുന്നതിനാൽ, ഇത് വഴി വൈറസു പകരാതിരിക്കാൻ വേണ്ടുന്ന മുൻകരുതലുകൾ എടുക്കണം. നിശ്ചിത ഇടവേളകളിൽ സോപ്പുപയോഗിച്ചു കൈകഴുകുക. പണം കൈകാര്യം ചെയ്യുമ്പോൾ കൈയ്യുറകൾ ഉപയോഗിക്കാം, പക്ഷെ കൈയ്യുറ ധരിച്ചുകൊണ്ട് മറ്റെവിടെയും സ്പർശിക്കാതെ ശ്രദ്ധിക്കേണ്ടതാണ്. പണം സൂക്ഷിക്കാൻ പ്രത്യേകം പെട്ടി ഉപയോഗിക്കാവുന്നതും ഈ പെട്ടി ദിവസവും സോപ്പിട്ടു കഴുകി എന്ന് ഉറപ്പാക്കേണ്ടതുമാണ്. പറ്റുമെങ്കിൽ എല്ലാ പണമിടപാടുകളും ഒരാൾ തന്നെ കൈകാര്യം ചെയ്യുവാൻ ഏർപ്പാടാക്കുക. എന്നാൽ, ഈ വ്യക്തി കടയിലെ ഏതെങ്കിലും സാധനങ്ങളിലോ പ്രതലങ്ങളിലോ തൊടാതെ ശ്രദ്ധിക്കണം. കഴിവതും ഓൺലൈൻ അല്ലെങ്കിൽ ആപ്പുകൾ വഴിയുള്ള പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുക.

**വീട്ടിൽ സാധനങ്ങൾ എത്തിക്കുമ്പോൾ:**
സാധനങ്ങൾ പെട്ടിയിലോ സഞ്ചിയിലോ നിക്ഷേപിച്ചു് വീടിനു പുറത്തു് വച്ചാൽ, ഉപഭോക്താക്കൾ അതിൽ നിന്നും സാധനങ്ങൾ എടുത്തുകൊള്ളും. ഈ സന്ദർഭങ്ങളിൽ വീടിനകത്തു പ്രവേശിക്കുന്നത് പരമാവധി ഒഴിവാക്കുക. പണം കൈമാറാൻ ഒരു ചെറിയ പെട്ടിയോ സഞ്ചിയോ കരുതുക. തന്മൂലം പണം പിന്നീട് കൈകാര്യം ചെയ്യാനും, ഉടൻ തന്നെ കൈകൾ കഴുകാനും അവസരം ലഭിക്കും.






കച്ചവടക്കാർക്ക് ഉള്ള പൊതുനിർദേശങ്ങൾ :

- കഴിയുന്നത്ര തവണ കൈ കഴുകുക
- മുഖത്ത് തൊടാതിരിക്കാൻ ശ്രദ്ധിക്കുക.
- മാസ്ക് ധരിക്കുക.
- എല്ലാ കൗണ്ടറുകളും മറ്റു പ്രതലങ്ങളും (കൈപിടികൾ അടപ്പുകൾ തുടങ്ങിയ) സോപ്പുവെള്ളം ഉപയോഗിച്ച് വൃത്തിയാക്കുക.
- പലവുരു ഉപയോഗിക്കാവുന്ന മാസ്കുകൾ, തൊപ്പികൾ ഉപരിവസ്ത്രങ്ങൾ തുടങ്ങിയവ മറ്റു തുണികളിൽ നിന്ന് വേറിട്ട് ഡിറ്റർജന്റ് ഉപയോഗിച്ച് അലക്കുക.
- അസുഖമുണ്ടെങ്കിൽ ജോലി ചെയ്യാതിരിക്കുക
- വീട്ടിലെത്തിയതും സോപ്പുപയോഗിച്ചു കുളിക്കുക.
- ജോലി സമയത്തു് ധരിച്ച വസ്ത്രങ്ങൾ വേറിട്ട് അലക്കുക.




ചരക്ക് വാങ്ങുമ്പോഴും ഡെലിവറി എടുക്കുമ്പോഴും:
- കഴിവതും ഡെലിവറികൾ കടയ്ക്കു പുറത്തു സ്വീകരിക്കുക.
- പെട്ടികൾ സോപ്പുവെള്ളം കൊണ്ട് തുടയ്ക്കുക.
- പെട്ടികൾ പുറത്തുവച്ചുതന്നെ തുറക്കുക .
- സാധനങ്ങൾ അകത്തു കൊണ്ടുവരിക.

ചരക്കു സംഭരണം:
- അരി, പരിപ്പ് തുടങ്ങിയ പായ്ക്ക്ചെയ്യാത്ത പദാർത്ഥങ്ങൾ അടപ്പുള്ള സംഭരണികളിൽ സൂക്ഷിക്കുക .
- ദിവസവും കടയടയ്ക്കുന്നതിനു മുൻപ് ഈ സംഭരണികൾ തുടച്ചു വൃത്തിയാക്കുക.
- പഴങ്ങളും പച്ചക്കറികളും തുറന്ന സ്ഥലങ്ങളിൽ വയ്ക്കാം.

സാധനങ്ങൾ വിൽക്കുമ്പോൾ:
- കെട്ടിടങ്ങളിലുള്ള ചെറിയ കടകൾ: പ്രവേശന കവാടത്തിലോ അതിനടുത്തോ ഉപഭോക്താക്കളെ സേവിക്കുക.
- കെട്ടിടങ്ങളിലുള്ള വലിയ കടകൾ: പ്രവേശിക്കുന്നതിനു മുൻപ് ഉപഭോക്താക്കളോട് കൈ കഴുകാൻ നിർദേശിക്കുക. ഒരു സമയത്തു ചുരുങ്ങിയ ഉപഭോക്താക്കളെ മാത്രം കടയ്കകത്തു് അനുവദിക്കുക.
- തുറസ്സായുള്ള മൊത്തവിപണി: ഉപഭോക്താക്കൾ തമ്മിൽ 1-2 മീറ്റർ അകലം പാലിക്കാൻ നിർദേശിക്കുക.
- ഉപഭോക്താക്കൾക്ക് ക്യുവിൽ നിൽക്കുവാൻ 1- 2 മീറ്റർ ദൂരത്തിൽ വൃത്തങ്ങൾ വരച്ചുവയ്ക്കുക.



പണമിടപാടുകൾ
- ഉപഭോക്താക്കൾ തരുന്ന പണം, എല്ലാ ദിവസവും സോപ്പുപയോഗിച്ചു കഴുകി വൃത്തിയാക്കാവുന്ന, ഒരു പ്രത്യേക പെട്ടിയിൽ സൂക്ഷിക്കുക. .
- പണം കൈകാര്യം ചെയ്തശേഷം ഉടനെ കൈ സോപ്പുപയോഗിച്ചു കഴുകുക.
- കഴിവതും എല്ലാ പണമിടപാടുകളും കൈകാര്യം ചെയ്യാൻ ഒരു വ്യക്തിയെ തന്നെ നിയോഗിക്കുക. അല്ലെങ്കിൽ, ഓൺലൈൻ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുക.

വീട്ടിൽ സാധനങ്ങൾ എത്തിക്കുമ്പോൾ :
- കഴിവതും ഉഉപഭോക്താവിന്റെ വീട്ടിനുള്ളിൽ കയറാതെ വീട്ടു പടിക്കൽ സാധനങ്ങൾ നൽകുക.
- പണം ഒരു ചെറിയ സഞ്ചിയിലോ പെട്ടിയിലോ ശേഖരിക്കുക.
- ഉടനെ കൈ കഴുകാൻ സാധിക്കുമ്പോൾ മാത്രം പണം കൈകാര്യം ചെയ്യുക.

സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങളുടെ ശാസ്ത്രീയ കൃത്യത ഉറപ്പ് വരുത്താൻ പരമാവധി ശ്രമിച്ചിട്ടുണ്ട്; എന്തെങ്കിലും അവ്യക്തത ശ്രദ്ധയിൽ പെട്ടാൽ ദയവായി ഞങ്ങളെ ഈ ഇമെയിലിൽ അറിയിക്കുക indscicov@gmail.com.

Image credits:
Storyweaver, Nivong Sengsakoun, Lavanya Naidu, Shambhavi Singh, AP News, Freepik, Rabin